# ജോർജ്ജിയൻ വോയ്സ്
GEORGIAN VOICE

ലക്കം 4 | ആഗസ്റ്റ് 2012 | പുസ്തകം 8





യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം


## സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
## കരിങ്ങാച്ചിറ

# താപസശ്രേഷ്ഠനായ വന്ദ്യ മുക്കഞ്ചേരിൽ ഗീവർഗീസ് റമ്പാന്റെ കബറിങ്കലേയ്ക്കുള്ള തീർത്ഥയാത്ര പുറപ്പെട്ടപ്പോൾ








K.C.L.P. സ്കൂളിന് ഒന്നേകാൽ ലക്ഷം രൂപ അനുവദിച്ച ചെയ്ത മന്ത്രി അഡ്വ. അനൂപ് ജേക്കബ്ബിന് കരിങ്ങാച്ചിറ കത്തീഡ്രലിന്റെ അഭിനന്ദനങ്ങൾ



# ജോർജ്ജിയൻ വോയ്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമെൻ*

**റവ.ഫാ. റോയ്പോൾ വെട്ടിക്കാട്ടിൽ**

**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**

**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*

**രൻജി പോൾ**

**യൽദോ ജോർജ്ജ്**

**മാത്യു പോൾ**

## ആഗസ്റ്റ് 2012

## ഇതളുകൾ വിരിയുമ്പോൾ

- എഡിറ്റോറിയൽ
- മരണാനന്തരം എന്ത്
- 200 വർഷം തികഞ്ഞ മലയാളം ബൈബിൾ
- എരിതീയിൽ എരിയാത്ത മുൾപ്പടർപ്പ്
- നിന്റെ ഭവനം കാത്തുകൊൾക
- വാർത്തകൾ
- ഇടവക കലണ്ടർ
- വിജ്ഞാനകൗതുകം

**വായനക്കാർക്ക് സ്നേഹത്തിന്റേയും സമൃദ്ധിയുടേയും ഓണാശംസകൾ**

ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in



## എഡിറ്റോറിയൽ

# വിശപ്പിനെ ആദായമാക്കിയവർ

അതിഥി സത്ക്കാരം കേരളീയന്റെ സംസ്കാരവും പാരമ്പര്യവുമായ് കണ്ടവർക്ക് തെറ്റി. ഇത് മലയാളിയുടെ ജീർണ്ണിച്ച സംസ്കാര ശൂന്യത്വവും സ്വാർത്ഥതയുടെ മനോഭാവവും ഉൾക്കൊണ്ട നാടാണ്. സ്വന്തം ദേഹവും പരിസരവും ശുചീകരിക്കണമെന്ന് നിഷ്കർഷിക്കുകയും അന്യന്റെ പരിസരം വൃത്തിഹീനമായ് കണ്ട് ജീവിക്കുകയും ചെയ്യുന്ന നമുക്ക് പ്രകൃതി പകർച്ചവ്യാധികളോടെ തിരിച്ചടികൾ നൽകിയപ്പോൾ ഈ കാലം മലയാളിക്ക് മായംക ൂടിയഭ ക്ഷണത്തോടെആ യിരുന്നുത ുടങ്ങിയത്.പ ുതിയസ ാഹചര്യങ്ങൾക്കും, പാശ്ചാത്യഭക്ഷണവിഭവങ്ങളോട് നാം കാട്ടിയ അഭിനിവേശം നമ്മൾ തന്നെ പകരം വീട്ടി. 5സ്റ്റാർ ഹോട്ടൽ മുതൽ ചെറു ഹോട്ടലുകൾ വരെ ഒട്ടും മടി കാട്ടിയില്ല അന്യന്റെ വിശപ്പിനെ മുതലാക്കുവാൻ. പകർച്ചവ്യാധികൾക്ക് വിരാമം ഇടുവാൻ കേരളത്തിലെ ആരോഗ്യവകുപ്പിന് ഇതുവരെ സാധിച്ചിട്ടില്ല. ദൈനംദിനം പുതിയ രോഗങ്ങൾ നാം കണ്ടുപിടിക്കുന്നു. ഈ സന്ദർഭങ്ങൾ കേരളം ഞെട്ടലോടെ തരണം ചെയ്യുമ്പോൾ ഇവിടെ മായം ചേർന്ന ഭക്ഷണമേശകൾ മനുഷ്യനെ രോഗക്കിടക്കയിലേക്ക് മാടി വിളിക്കുന്നു.

കേരളത്തിലെ ഔദാര്യം നിറഞ്ഞ നിയമങ്ങൾ, പണം കൊഴുക്കുന്ന അധികാര മേശകൾ. ഇവയെല്ലാം ഉണ്ടെങ്കിൽ എന്തും നൽകുന്ന നാടായി നാം നമ്മുടെ നാടിനെമാറ്റിയിരിക്കുന്നു. ഒരു നേരത്തെ ഭക്ഷണം കിട്ടാതെ വലയുന്ന മനുഷ്യരുണ്ട്. അതുപോലെ ദിവസവും രുചിയേറുന്ന വിഭവങ്ങളുമായ് ഭക്ഷണമേശയിൽ കഴിയുന്ന മനുഷ്യരുമുണ്ട്. എന്നാൽ ഇവിടെ അടിസ്ഥാനം വിശപ്പ് തന്നെയാണ്. വേലിതന്നെ വിളവ് തിന്നാൽ പിന്നെ എന്തു കാര്യം എന്നു ചോദിച്ചാൽ നാം നമ്മെ ശപിക്കുന്ന സന്ദർഭം ഉണ്ടാകും. മാറി വരുന്ന സാഹചര്യങ്ങളിൽ എല്ലാ നാടുകളിലെയും മനുഷ്യർ ഒരുപോലെ വഞ്ചിക്കപ്പെടുന്നു എന്നുള്ളത് സത്യമാണ്. കഴിഞ്ഞ കാലങ്ങളിൽ നാം പഠിക്കേണ്ട ഒത്തിരി കാര്യങ്ങൾ ഉണ്ട്. വിദേശികളെ സൽക്കരിക്കുന്ന നാടായ ദൈവത്തിന്റെ സ്വന്തം നാടിന് നഷ്ടപ്പെടുന്നത് വിദേശനിക്ഷേപം നേടിത്തരുന്ന വ്യവസായമാണ്. വിദേശനാടുകളിലെ ശുചിത്വവും ഭക്ഷണനിയമവ്യവസ്ഥകളും ഈ നാട് കണ്ടു പഠിക്കേണ്ടിയിരിക്കുന്നു. കേരളം പ്രകൃതി ഭംഗിയിൽ നിറഞ്ഞുനിൽക്കുമ്പോൾ നമ്മുടെ ആരോഗ്യ ഭംഗിയേയും നിലനിർത്തേണ്ടത് ആവശ്യമാണ്. ഉചിത സമയങ്ങളിൽ മനുഷ്യന് നീതി ലഭിക്കുന്ന നിയമവ്യവസ്ഥയെ നിർബന്ധമാക്കണം. ഉചിതമായ ബോധവത്ക്കരണവും രോഗനിയന്ത്രണവും ഈ നാട്ടിൽ ഉണ്ടായി ഇത് ദൈവത്തിന്റെ സ്വന്തം നാടായി മാറട്ടെ എന്ന് ആശംസിക്കാം.

# മരണാനന്തരം എന്ത്

അഭി. മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത



മരണാനന്തരം മനുഷ്യന്റെ ആത്മാവിന്റെ അവസ്ഥ എന്ത്. ആത്മാവ് എവിടെ. മരണാനന്തരം ആത്മാവിന് അനശ്വരത ഉണ്ടെന്നു വിശ്വസിക്കുന്നു ണ്ടെങ്കിലും കർത്താവിന്റെ രണ്ടാമത്തെ വരവു വരെയും അവ വിശ്രമസ്ഥലത്ത് നിദ്രയിലാണെന്ന് പ്രോട്ടസ്റ്റന്റ് വിഭാഗങ്ങളും ശുദ്ധീകരണസ്ഥലത്തെ ശുദ്ധീകരണ പ്രക്രിയയിലൂടെ ഈലോക ജീവിത ത്തിലെ പാപക്കറകളിൽ നിന്നും മോചനം നേടുന്നു എന്നു കത്തോലിക്കാസഭയും പഠിപ്പിക്കുന്നു. മരണത്താൽ ഈ ലോകത്തിൽനിന്നു പിരിഞ്ഞു പോയവരെക്കുറിച്ച് സുറിയാനിസഭ എന്തു പഠിപ്പിക്കുന്നു എന്ന് വേദപുസ്തകാടിസ്ഥാനത്തിൽ നോക്കാം.

**1. മരണാനന്തരം ആത്മാക്കൾ സുബോധാവസ്ഥയിലാണ്.**

മറുരൂപമലയിൽ മോശയും ഏലിയാവും യേശുവിനോടു സംസാരിച്ചതായി കാണുന്നു. സംസാരവിഷയമാകട്ടെ യെരുശലേമിൽ അവൻ പ്രാപിപ്പാനുള്ളള നിര്യാണമായിരുന്നു. (ലൂക്കോ9.31) ഇവിടെ ശരീരപ്രകാരം മരിച്ച മോശ കർത്താവിനോട് വരുവാനുള്ള കാര്യങ്ങളെക്കുറിച്ച് സംഭാഷിക്കുന്നു. മർക്കോസ് 12-25 ൽ മരിച്ചവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയാകുന്നു എന്നു പറയുന്നു. 26-ാം വാക്യത്തിൽ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവമെന്നും 27 ൽ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമത്രേ എന്നും പറയുന്നു. ഇവിടെ ഒന്നുകിൽ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർ മരിച്ചിട്ടില്ല എന്നു പറയണം. അല്ലെങ്കിൽ അവർ ശരീരപ്രകാരം മരിച്ചു.എങ്കിലും മരിച്ചാലും ജീവിക്കുന്ന അവസ്ഥയിലായിരിക്കണം. (യോഹ. 5.25) ഇതിൽ രണ്ടാമത്തെ അവസ്ഥയിലാണ് അവർ എന്നു വേദപുസ്തകം പഠിക്കുന്ന ആരും സമ്മതിക്കും. യോഹ. 8.56 ൽ നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതു കൊണ്ട് ഉല്ലസിച്ചു. അവൻ കണ്ടു സന്തോഷിച്ചു മരിക്കുന്നു എന്നു കാണുന്നു. അബ്രഹാമിനു ശാരീരികമരണ ശേഷം കർത്താവിന്റെ ദിവസം കണ്ടു സന്തോഷിക്കു വാൻ കഴിയുന്ന അവസ്ഥയിലാണെന്നല്ലേ ഈ വാക്യം പഠിപ്പിക്കുന്നത്.

2. മരണാനന്തരം ആത്മാക്കൾ കർത്താവിനോടു കൂടെയാണ്.

കർത്താവിനോടുകൂടി കുരിശിൽ തൂക്കിയവരിൽ ഒരുവൻ മരണാസന്നനായി കുരിശിൽ കിടക്കുമ്പോൾ കർത്താവിൽ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നതായി കാണുന്നു. കർത്താവ് അവനു നൽകുന്ന മറുപടി വളരെ ശ്രദ്ധാർഹമാണ്. ഇന്ന് നീ എന്നോടു കൂടി പറുദീസയിൽ ആയിരിക്കും (ലൂക്കോ. 23.43) ഈ വാക്യത്തിലെ ഓരോ വാക്കും ശ്രദ്ധിക്കുക. മരണാനന്തരം (അഥവാ ഇന്ന്) നീ പറുദീസയിൽ(എന്നോടുകൂടി) ആയിരിക്കും. കർത്താവിലുള്ള വിശ്വാസത്തിൽ വാങ്ങിപ്പോകുന്ന ഒരു വ്യക്തി കർത്താവിനോടുകൂടി ആയിരിക്കും എന്നതിന് ഇതിൽപരം തെളിവ് ആവശ്യമുണ്ടോ. ലോകപ്രകാരം നോക്കിയാൽ തിന്മ പ്രവർത്തിച്ച് നരകാർഹനായ ഈ മനുഷ്യന് കർത്താവ് നൽകിയ വാഗ്ദത്തം തന്നിൽ വിശ്വസിച്ച് ഏറ്റുപറയുന്ന ഓരോ വിശ്വാസിക്കും ലഭിക്കുന്ന വാഗ്ദത്തത്തിന്റെ സൂചനയല്ലേ. ഈ ആശയം തന്നെ പൗലോസ് അപ്പോസ്തോലൻ പറയുന്നത് ശ്രദ്ധിക്കുക. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടി ഇരിപ്പാൻ ഞാൻ കാംക്ഷിക്കുന്നു. ഇത് അത്യുത്തമമല്ലോ. (ഫിലി.1.21-23) വിശ്വാസികൾ ജീവിക്കുന്നതും മരിക്കുന്നതും ക്രിസ്തുവിലാകയാൽ ഒരേ അവസ്ഥതന്നെ വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടൊപ്പം ആകുന്നത് ആഗ്രഹിക്കത്തക്കതും അത്യുത്തമവുമത്രേ.

**മരണാനന്തരം കേൾക്കുവാനും അനുസരിക്കുവാനും സാധിക്കും.**

ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു മരിച്ചവർ ദൈവപുത്രന്റെശ ബ്ദംേ കൾക്കുകയും

കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു. (യോഹ.5.25) ഇവിടെ മരിച്ചവർ കർത്താവിന്റെ ശബ്ദം കേൾക്കുവാൻ കഴിയുന്ന സജീവാവസ്ഥയിലാണെന്നു കാണാം. ലാസർ യായിറോസിന്റെ മകൾ വിധവയുടെ മകൻ തുടങ്ങിയവർ കർത്താവിന്റെ ശബ്ദം കേട്ട് മരണശേഷവും അനുസരിക്കുന്നതായി നാം കാണുന്നു. 1. പത്രോസ് 3.10 ൽ തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചതായി കാണുന്നു. മരണാനന്തരം പാപത്താൽ തടവറയിൽ കഴിഞ്ഞ ആത്മാക്കൾക്കുപോലും പ്രസംഗം കേൾക്കുവാൻ (അനുതപിക്കുവാൻ) കഴിഞ്ഞെങ്കിൽ സത്യവിശ്വാസികളായ ആത്മാക്കൾക്ക് എത്രയോ അധികമായി ദൈവകല്പനകൾ കേൾക്കുവാനും അനുസരിക്കുവാനും കഴിയും. വി. മത്തായിയുടെ സുവിശേഷത്തിൽ (2.17) ബേത്ലഹേമിലെ ശിശുഹത്യയിൽ നൂറ്റാണ്ടുകൾക്കുമുമ്പു മരിച്ചുപോയ റാഹേൽ കരയുകയും നിലവിളിക്കുകയും ചെയ്യുന്നതായി പറയുന്നു. പരേതാത്മാക്കൾക്ക് ലോകത്തിൽ നടക്കുന്ന സംഭവങ്ങൾക്ക് സാക്ഷികളാകുവാനും താദാത്മ്യപ്പെടുവാനും കഴിയുമെന്നല്ലേ ഇത് സൂചിപ്പിക്കുന്നത്. വിശ്വാസിയായി മരിക്കുന്നവന് ഹാബേലിനേപ്പോലെ മരിച്ച ശേഷവും വിശ്വാസത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലേക്കുയരുവാൻ സാധിക്കുമെന്നല്ലേ എബ്രാ. 11.4 വ്യക്തമാക്കുന്നത്. മാത്രമല്ല 1 കൊരി 13.12 ൽ പറയുന്നത്, ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ മുഖാമുഖമായി കാണാം. ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ട പോലെ തന്നെ അറിയും. എന്നത്രേ. അതായത് മരണാനന്തരം ആത്മികലോകത്തെ ക്കുറിച്ച് കൂടുതൽ വ്യക്തതയും അറിവും ലഭിക്കും. അപ്പോൾ മരണം മുഖാന്തരം ആത്മാവ് ശരീത്തിന്റെ പരിമിതികളിൽ നിന്നും ഉയർന്നു കർത്താവിൽ വിലയം പ്രാപിക്കുകയാണ്.



**മാത്യു, കീരംകുഴിയിൽ**, കരിങ്ങാച്ചിറ



**മേഘ ജോൺസ്** (ക്ലാസ്സ് 8)
കൊച്ചിൻ റിഫൈനറീസ് സ്കൂൾ
അമ്പലമുകൾ (നസ്രേത്ത് യൂണിറ്റ്)

# 200 വർഷം തികഞ്ഞ മലയാളം ബൈബിൾ

## എം. വി. പൗലോസ് മൂക്കനോട്ടിൽ.

ന്യായപ്രമാണത്തിൽ നിന്നും ഒരു വള്ളി യോ പുള്ളിയോ മാഞ്ഞുപോവുകയില്ല. ഈ ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും അങ്ങനെ മനുഷ്യരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് അറിയപ്പെടും എന്ന തിരുവചനം മൂലം അർത്ഥം മാറിപ്പോകുമെന്ന് ഭയന്ന് ബൈബിൾവ വിവർത്തനംപ ണ്ട്ന ിഷേധിച്ചിരുന്നു. മാർട്ടിൻ ലൂഥറുടെ റീഫോർമേഷൻ ആരംഭിച്ചശേഷമാണ് ഈ ധാരണ മാറിയത്. 1450 ൽ അച്ചടിയന്ത്രം കണ്ടുപിടിച്ചതിന് ശേഷം 1456 ഓഗസ്റ്റ് 24 ന് ലാറ്റിൻ ഭാഷയിൽ വേദപുസ്തകം അച്ചടിച്ചു. 1500 ൽ പരം ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടു.

ഇന്ത്യൻ ഭാഷയിൽ ബൈബിൾ വിവർത്തനം വന്നത് 1714ൽ തമിഴിലേക്ക് ആണ്. 1832 വരെയുള്ള കാലയളവിൽ 36 ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം എത്തി. ഇതിൽ പല ഭാഷകളും പുഷ്ടിപ്പെടാത്ത ഭാഷകളാണ്താനും.

1811 ൽ ആണ് മലയാളത്തിൽ ആദ്യ വിവർത്തനം ഉണ്ടായത്. ഈസ്റ്റിന്ത്യാക്കമ്പനിയുടെ ഇംഗ്ലീഷ് വിഭാഗം പുരോഹിതനായി ബാംഗാളിൽ സേവനം ചെയ്തിരുന്ന ക്ലോഡിയസ് ബുക്കാനന്റെ ശ്രമം ആയിരുന്നു ഇതിന്റെ ചുക്കാൻ പിടിച്ചത്. ഇന്ത്യയിലെ ക്രൈസ്തവരെ പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഇംഗ്ലണ്ടിലെ ബിഷപ്പ് ഈസ്റ്റിന്ത്യാക്കമ്പനിയോട് കൽപ്പിച്ചതനുസരിച്ച് കമ്പനിയാണ് റവ.ക്ലോഡിയസ് ബുക്കാനനെ മലയാളത്തിൽ എത്തിച്ചത്.

ക്രിസ്റ്റ്യൻ റിസേർച്ചസ് ഇൻ ഏഷ്യ എന്ന തന്റെ ഗ്രന്ഥത്തിൽ മലബാറിൽ അന്ന് കണ്ട കാര്യം ഡോ. ബുക്കാനൻ രഖപ്പെടുത്തിയിരിക്കുന്നത്ഇ പ്രകാരമാണ്. യൂറോപ്പിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടരുന്ന ആ കാലത്ത് മലബാറിലെ കുഗ്രാമങ്ങളിൽ ക്രിസ്ത്യാനികൾ ഭക്തിപൂർവ്വം നോമ്പും പ്രാർത്ഥനയും ആരാധനയും നടത്തുന്നത് കണ്ട് താൻ ഞെട്ടിപ്പോയി എന്നാണ്.

ഡോ. ബുക്കാനൻ തിരുവിതാംകൂർ രാജാവിനെയും അന്നത്തെ മെത്രാപ്പോലീത്ത മാർ ദീവന്നാസിയോസിനേയും അനേകം പള്ളികളും സന്ദർശിച്ചു. അങ്കമാലി മെത്രാപ്പോലീത്ത അദ്ദേഹത്തിന് 1000 വർഷം പഴക്കമുള്ള ഒരു സുറിയാനി ബൈബിൾ സമ്മാനിച്ചു. ഇത് കേംബ്രിഡ്ജ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ബൈബിളിന്റെ ആദ്യ മലയാളം തർജ്ജമ നടത്തിയത് കായംകുളത്ത്കാരനായ ഫീലിപ്പോസ് റമ്പാൻ ആയിരുന്നു. നാലു സുവിശേഷങ്ങളും നടപടി പുസ്തകവും ആയിരുന്നു അത്. സുറിയാനിയിൽ നിന്നും നേരിട്ടായിരുന്നു ആ തർജ്ജമ. തമിഴ് തർജ്ജമയോട് ഒത്ത് നോക്കുന്നതിന് തിമ്മയ്യപിള്ള എന്ന ഒരു ചെട്ടിയാരെക്കൂടി ഡോ.ബുക്കാനൻ ഏർപ്പെടുത്തി.സുറിയാനിയിൽ നിന്നും നേരിട്ടുള്ള തർജ്ജമ ആയതിനാൽ ഇപ്പോൾ സ്ഥിരം ഉപയോഗിക്കുന്ന പല വാക്കുകളും അതിൽ നിന്നും മലയാളത്തിലേക്ക്വ ന്നവയാണ്.ഉ ദാഹരണത്തിന് ഏവൻ ഗേലിയോൻ, അദ്ധ്യായത്തിന് - കേപ്പാലെയോൻ, മസുമുറ, മാമോദീസ, ഒറൈത്ത, ബാവാ തുടങ്ങിയ പദങ്ങൾ. തമിഴിൽ നിന്നും വന്നവയത്രേ, ദൈവമേ നിന്റെ, നീ, അവൻ തുടങ്ങിയ പദപ്രയോഗങ്ങൾ.

1811 ൽ ആണ് ഇത് അച്ചടിച്ചത്. മലയാളം അച്ചടി ഇവിടെ ഇല്ലാത്തതിനാൽ ബോംബെയിൽ കുരിയർപ്രസിൽ മലയാളം അച്ചുകൾ കൊത്തിയുണ്ടാക്കിയാണ് അച്ചടി നടത്തിയത്. കൂരിയർ പ്രസിലെ ടൈപ്പോഗ്രാഫറായിരുന്ന ഒരു പാഴ്സി ബെഹറാംജി ഭായിയും, കണ്ടനാട് ഇടവകക്കാരനായിരുന്ന കൊച്ചിട്ടിയും കൂടിയാണ് അക്ഷരങ്ങൾ കൊത്തിയുണ്ടാക്കിയത്.

കുറച്ചുകാലം കഴിഞ്ഞ് മലയാള പരിഭാഷ കുറെക്കൂടി പുതിയ രീതിയിൽ ആക്കണമെന്ന് പിന്നീട് വന്ന റവ. ബെഞ്ചമിൻ ബെയിലി ആഗ്രഹിച്ചു. മലയാളം ഭാഷയ്ക്ക് അദ്ദേഹം നൽകിയ സേവനം എത്രയോ വലുതാണ്.

കോട്ടയത്തെ CMS പ്രസ് തുടങ്ങിയത് അദ്ദേഹമാണ്. 1829 ൽ ആദ്യ നാല് സുവിശേഷങ്ങൾ പരിഷ്കരിച്ച ഭാഷയിൽ പൂർത്തിയാക്കി. 1842 ൽ പഴയനിയമവും പൂർത്തിയായി. 1880 ൽ അത് വീണ്ടും പരിഷ്കരിച്ചു. ഇതാണ് ആദ്യത്തെ സമ്പൂർണ്ണ

ബൈബിൾ. മരം കൊണ്ടുണ്ടാക്കിയ ഒരു പ്രസായിരുന്നു ബൈലിയുടേത്. (അത് ഇപ്പോഴും CMS പ്രസ്സിൽ സൂക്ഷിച്ചിട്ടുണ്ടെന്നു കേൾക്കുന്നു.)

പിന്നീട് വന്ന ഹെർമ്മൻ ഗുണ്ടർട്ട് ബെയിലിയുടെ തർജ്ജമക്ക് ഭാഷാഗുണം പോരായെന്നും തമിഴ് ഭാഷാവാക്കുകൾ അതിൽ ധാരാളം കയറിപ്പറ്റിയെന്നും അഭിപ്രായപ്പെട്ടു. പല ഭാഷകളിൽ പണ്ഡിതനായിരുന്ന ഗുണ്ടർട്ട് 1868 ൽ പുതിയ നിയമത്തിന്റെ പരിഭാഷയു ണ്ടാക്കി മംഗലാപുരത്തുനിന്നും അച്ചടിച്ച് പ്രസിദ്ധീ കരിച്ചു. 1910 ൽ മംഗലാപുരത്തുനിന്നും അച്ചടിച്ച സമ്പൂർണ്ണ ബൈബിൾ പുറത്ത് വന്നു. (മലയാള ഭാഷക്ക് ഡോ.ഗുണ്ടർട്ട് ഒരു നിഘണ്ടുവും മറ്റനേകം പുസ്തകങ്ങളും സംഭാവന ചെയ്തിട്ടുണ്ട്.

തർജ്ജമകൾ ഇങ്ങനെ.

കായംകുളം പീലിപ്പോസ് റമ്പാൻ.

എന്നാൽ കൂട്ടങ്ങളെ യീശോതമ്പുരാൻ താൻ കണ്ടപ്പൊൾ മലെക്കു താൻ കരെറി താനിരുന്നപ്പൊൾ തന്റെ ശിക്ഷരെ തന്റെ പക്കൽ അവ രണഞ്ഞു.

ബെയിലി


എന്നാറെ അവൻ പുരുഷാരങ്ങളെ കാണുക കൊണ്ട ഒരു പർവ്വതത്തിലേക്ക് കരെറിപോയി അവൻ ഇരുന്നപ്പൊൾ അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു.

ഗുണ്ടർട്ട്.

പിന്നെ സമൂഹങ്ങളെ കണ്ടാറ മലമെൽ കരെറി ഇരുന്നുകെണ്ടപ്പോൾ അവന്റെ ശിഷ്യന്മാർ അണഞ്ഞു വന്നു.

കണിയാപറമ്പിൽ കുര്യൻ ആർച്ച് കോറെപ്പിസ്ക്കോപ്പ.

യേശു പുരുഷാരത്തെ കണ്ടപ്പോൾ മലയിൽ കയറി. താൻ ഇരുന്നപ്പോൾ ശിഷ്യന്മാർ തന്നെ സമീപിച്ചു.


THE

OLD TESTAMENT

TRANSLATED

INTO

*THE MALAYALIM LANGUAGE*

SECOND PART

CONTAINING

THE BOOKS OF JOSHUA, JUDGES, RUTH, 1st & 2nd SAMUEL, 1st & 2nd KINGS, 1st & 2nd CHRONICLES, EZRA, NEHEMIAH, & ESTHER.

പഴയ നിയമം

മലയാള ഭാഷയിൽ

പരിഭാഷയാക്കപ്പെട്ടത.

രണ്ടാം പങ്ക

ഇതിൽ

യൊശുവ, ന്യായാധിപതിമാർ, രൂഥ, ൧ാം ൨ാം ശമുയെൽ, ൧ാം ൨ാം

രാജാക്കന്മാർ, ൧ാം ൨ാം നാളാഗമം, എസ്രാ, നഹെമിയാ,

എസ്തെർ എന്ന പുസ്തകങ്ങളും


അടങ്ങിയിരിക്കുന്നു.

COTTAYAM:

PRINTED AT THE CHURCH MISSION PRESS

FOR THE MADRAS AUXILIARY BIBLE SOCIETY.

1840.


യൊശുവായുടെ

പുസ്തകം.

൧ അദ്ധ്യായം.

൧ കർത്താവ യൊശുവായെ മൊശെയുടെ സ്ഥാനത്ത ആക്കുന്നത.—൩ വാഗ്ദത്തം ചെയ്യപ്പെട്ട ദെശത്തിന്റെ അതൃത്തികൾ.—൫, ൯ യൊശുവായിക്ക സഹായം ചെയ്വാൻ ദൈവം വാഗ്ദത്തം ചെയ്യുന്നത.—൮ അവന ഉപദെശിക്കുന്നത.

പിന്നെ യഹൊവായുടെ ശുശ്രൂഷക്കാരനായ മൊശെയുടെ മരണശെഷം ഉണ്ടായത എന്തെന്നാൽ, യഹൊവാ നൂന്റെ പുത്രനായി, മൊശെയുടെ ശുശ്രൂഷക്കാരനായ യൊശുവായൊട സംസാരിച്ചു, പറഞ്ഞു;

൨ എന്റെ ശുശ്രൂഷക്കാരനായ മൊശെ മരിച്ചുപൊയി; അതുകൊണ്ട ഇപ്പൊൾ എഴുനീറ്റ, നീയും ഈ ജനം ഒക്കെയും ഈ യർദ്ദെന്ന അക്കരെ, ഞാൻ യിസ്രാഎൽ പുത്രന്മാരായവൎക്ക കൊടുക്കുന്ന ദെശത്തെക്ക, കടപ്പിൻ.

൩ നിങ്ങളുടെ കാലടി ചവിട്ടുന്ന സ്ഥലത്തെ എല്ലാം, ഞാൻ മൊശെയൊട പറഞ്ഞ പ്രകാരം, ഞാൻ നിങ്ങൾക്ക തന്നിരിക്കുന്നു.

൪ വനവും ഈ ലെബാനൊനും തുടങ്ങി, വലിയ നദിയായ ഫ്രാത്ത എന്ന നദി വരെയും ഹിത്തായക്കാരുടെ ദെശം ഒക്കെയും, സൂൎയ്യാസ്തമനത്തിന നെരെ വലിയ സമുദ്രം വരെയും, നിങ്ങളുടെ അതൃത്തി ആയിരിക്കെണം.

൫ നീ ജീവനൊടിരിക്കുന്ന നാൾ ഒക്കെയും ഒരു മനുഷ്യനും നിന്റെ മുമ്പാകെ നില്ക്കയില്ല: ഞാൻ മൊശെയൊട കൂടെ ഉണ്ടായിരുന്നപ്രകാരം തന്നെ നിന്നൊട കൂടെ ഉണ്ടാകും: ഞാൻ നിന്നെ കൈവിടുകയില്ല, നിന്നെ ഉപെക്ഷിക്കയും ഇല്ല.

൬ ഉറപ്പും ധൈൎയ്യവും ഉള്ളവനായിരിക്ക: എന്തുകൊണ്ടെന്നാൽ നീ ഈ ജനത്തെ ഞാൻ അവരുടെ പിതാക്കന്മാൎക്ക കൊടുക്കാമെന്ന അവരൊട ആണയിട്ടിട്ടുള്ള ദെശത്തെ അവകാശമായനുഭവിക്കുമാറാക്കെണ്ടി വരും.

൭ എന്റെ ശുശ്രൂഷക്കാരനായ മൊശെ നിന്നൊട കല്പിച്ചിട്ടുള്ള സകല ന്യായപ്രമാണ പ്രകാരം ചെയ്വാൻ നീ പ്രമാണിക്കെണ്ടുന്നതിന, ഉറപ്പും മഹാ ധൈൎയ്യവും ഉള്ളവനായി മാത്രം ഇരിക്ക: നീ പൊകുന്ന എല്ലാ സ്ഥലങ്ങളിലും നീ ശുഭമായി നടക്കെണ്ടുന്നതിന, അതിൽനിന്ന വലത്തൊട്ടൊ ഇടത്തൊട്ടൊ തിരിയരുത.

൮ ഈ ന്യായപ്രമാണ പുസ്തകം നിന്റെ വായിൽനിന്ന പൊയ്പൊകരുത: അതിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ഒക്കെയും ചെയ്വാൻ നീ പ്രമാണിക്കെണ്ടുന്നതിന, നീ അതിനെ പകലും രാവും ധ്യാനിച്ചുകൊണ്ടിരിക്കെണം: എന്തുകൊണ്ടെന്നാൽ അപ്പൊൾ നീ നിന്റെ

൧ A

# എരിതീയിൽ എരിയാത്ത മുൾപ്പടർപ്പ്

ഏലിയാമ്മ സിറിയക്, മോർ കൂറിലോസ് യൂണിറ്റ്

ഇളം തെന്നലായി ജനിച്ച് കൊടുങ്കാറ്റായി മാറിയ യേശു എന്ന ലോകരക്ഷിതാവിന്റെ നിഷ്കളങ്കയായ അമ്മ. കല്ലിച്ചുപോയ ഹൃദയങ്ങളിൽ ആർദ്രതയുടെ പനിനീർ തളിച്ച് രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്ത ദൈവപുത്രന്റെ അമ്മ. തന്റെ ജീവനെക്കാൾ മറ്റുള്ളവരെ സ്നേഹിച്ച് ക്രൂശ് മരണം പ്രാപിച്ച ബലികുഞ്ഞാടിന്റെ അമ്മ. സഹനവും സ്നേഹവും സമ്മിളിതമായി വർത്തിച്ച രക്ഷകന്റെ മാതാവ്.



ബെത്ലഹേമിലെ കല്ലടാവിൽ പിറന്ന് പെറ്റമ്മതാലോലിച്ച് മാറോടു ചേർത്ത് ഉറക്കിയ പൊന്നുണ്ണി, സകലരാലും പിച്ചിച്ചീന്തപ്പെട്ട് കുരിശിൽ തറയ്ക്കപ്പെട്ടു. ഹൃദയത്തിലൂടെ വാൾ കടന്ന് കഷ്ടതകളാകുന്ന കത്തികൾ കൊണ്ട് ഹൃദയത്തിൽ കുത്തുകൾ സഹിച്ച് തന്റെ ഓമനപുത്രനെ കുരിശിൽ നിന്നിറക്കി മടിയിൽ കിടത്തി, മകന്റെ ദർശനപൂർണ്ണതയ്ക്കും ആത്മശാന്തിയ്ക്കുമായി സ്വയം സമർപ്പിച്ചു. ആ ക്രൂശിതന്റെ അമ്മ, രക്ഷാകരപദ്ധതിയുടെ പൂർത്തീകരണമായി, ജീവന്റെ വൃക്ഷത്തിലേയ്ക്കുള്ള ഒറ്റയടിപ്പാതയായി,സ്വർഗ്ഗീയ ഗോവണിയായിഇന്നും നിലകൊള്ളുന്നു. സഹനമില്ലെങ്കിൽ സ്നേഹമില്ല, സ്നേഹമില്ലെങ്കിൽ വിശുദ്ധിയില്ലെന്ന് ലോകത്തെ പഠിപ്പിച്ച് മക്കളുടെ കണ്ണുനീരൊപ്പുന്ന, സർവ്വജനത്തിനും ആശാകേന്ദ്രമായ ദാവീദ് വംശജ, സകലത്തേയും ദഹിപ്പിച്ചു കളയുവാൻ ശക്തിയുള്ള അഗ്നിയെ ഉൾക്കൊണ്ടിട്ടും തീപ്പൊള്ളലേൽക്കാതെ സൂക്ഷിയ്ക്കപ്പെട്ടു. സകലചരാചരങ്ങൾക്കും ശാന്തിയും സമാധാനവും ഏകുന്ന സ്വർഗീയ ഉദ്യാനത്തിലെ ശൂശാനപുഷ്പമായ മാതാവ് - പരിശുദ്ധ അമ്മ...

അമ്മ..... യേശുവിന്റെ ഓർമ്മകളിലൂടെ...

തടിപ്പണിക്കാരനായ അപ്പനും നല്ല പാചകക്കാരിയായ അമ്മയും ഞാനും അടങ്ങുന്ന കുടുംബം. വിശേഷദിവസങ്ങളിൽ രുചിയേറുന്ന വിഭവങ്ങൾ ഉണ്ടാക്കുമ്പോൾ എന്റെ കൂട്ടുകാർക്കും കൊടുത്ത് സാധാരണ ആഹാരം മാത്രം കഴിയ്ക്കുന്ന അമ്മ പല ദിവസങ്ങളിലും ഉപവാസം എടുക്കും. ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കും. എല്ലാ സ്ത്രീകളും ഒരു കൈത്തൊഴിൽ പഠിച്ചിരിക്കണമെന്ന് അമ്മ എപ്പോഴും പറയും, ഓരോ സിനഗോഗ് യാത്രയിലും ന്യായപ്രമാണത്തിലുള്ള അഗാധമായ അറിവ് പകർന്ന് തന്ന് വാഗ്വാദങ്ങളുടെ രസകരമായ മുഹൂർത്തങ്ങൾ സൃഷ്ടിയ്ക്കും. സാധ്യതകൾക്കപ്പുറമായും ബാധ്യതകൾ നിറവേറ്റി ഏതോ മഹത്തായ കാര്യ നിർവ്വഹണത്തിനുവേണ്ടി പ്രാർത്ഥനയിലൂടെ ശക്തിനേടിയിരുന്നു.

രാത്രിയുടെ യാമങ്ങളിൽ ഏങ്ങലടിച്ച് പ്രാർത്ഥിച്ച് എന്റെ കാലിൽ കെട്ടിപ്പിടിച്ചു കരയുന്ന അമ്മ വേദനിപ്പിക്കുന്ന ഓർമ്മയാണെനിക്ക്.

ജോലിയില്ലാതെ, പണമില്ലാതെ, ഒരു നല്ല വസ്ത്രം പോലുമില്ലാതെ, ഗലീലിയയിലെ തെരുവീഥികളിൽ കൂടി അലഞ്ഞു തിരിഞ്ഞിട്ട് വല്ലപ്പോഴും വീട്ടിൽ ചെന്ന് കയറുന്ന ഈ മകനോട് അമ്മയൊരിക്കലും ദേഷ്യം കാണിച്ചില്ല. ലോകത്തിലുള്ള സകലരും എന്റെ അമ്മമാരോ സഹോദരങ്ങളോ ആകുന്നതിനുള്ള വാതിൽ ഞാൻ തുറന്നിടുകയായിരുന്നു എന്ന് അമ്മയ്ക്ക് മനസ്സിലായി. കാര്യങ്ങൾ അതിന്റെ ശരിയായ അർത്ഥത്തിൽ ഗ്രഹിക്കുന്നതിന് അസാമാന്യമായ ഉൾക്കാഴ്ച അമ്മയ്ക്കുണ്ടായിരുന്നു. എന്റെ പീഡാനുഭവവും സഹനങ്ങളും അമ്മയുടെ സഹനപരീക്ഷകളായി എടുത്ത് ക്രൂശുമരണം വരെ ശക്തിപകർന്നുകൊണ്ട് അമ്മ എന്നും എന്നോടൊപ്പമുണ്ടായിരുന്നു.

ഒരിക്കലും എന്റെ അമ്മ ദൈവേഷ്ടത്തിൽ നിന്ന് ഒരു കണികപോലും വ്യതിചലിച്ചിട്ടില്ല. ഒരു സമയത്തും ആരുടേയും സഹതാപത്തിനായി കാത്തുനിന്നതുമില്ല. ആത്മാഭിമാനത്തോടെ തലഉയർത്തിപ്പിടിച്ച് ദരിദ്രാവസ്ഥയിലും രാജ്ഞിയെപ്പോലെ ജീവിച്ചു. എന്റെ അമ്മ ഒരു വിശുദ്ധയായിരുന്നു. സർവ്വവിശുദ്ധരിലും ഏറ്റവും വലിയ വിശുദ്ധ.

മറിയത്തിനെയൗസേഫ് അനുസ്മരിക്കുന്നു

ദൈവഹിതപ്രകാരം വരനായി നിശ്ചയിക്കപ്പെട്ട എന്നോട് പരിശുദ്ധാത്മാവിനാൽ താൻ ഗർഭിണിയാണെന്നും ഭർത്താവില്ലാതെ ഗർഭിണിയാണെന്ന അവസ്ഥ മനസ്സിലാക്കിയാൽ യഹൂദരുടെ ആചാരമനുസരിച്ച് കല്ലെറിഞ്ഞുകൊല്ലും എന്ന് കരഞ്ഞുപറഞ്ഞ മറിയാമിന്റെ ജീവൻ രക്ഷിയ്ക്കുകയെന്ന ദൗത്യവും ദൈവനിയോഗമാണെന്ന് മാലാഖയുടെ അറിയിപ്പോടെ ഞാൻ തിരിച്ചറിഞ്ഞു. കുലീനവും വിശുദ്ധി നിറഞ്ഞതുമായിരുന്നു മറിയത്തിന്റെ സംസാരവും പെരുമാറ്റവും, രാത്രിയാമങ്ങളിൽ പ്രാർത്ഥിക്കുകയും പകലെല്ലാം വീട്ടുകാര്യങ്ങൾ ചെയ്ത് തീർത്ത് തുന്നൽ പണിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

ബെത്‌ലഹേമിൽ ഉണ്ണി പിറന്ന രാത്രിയിലാണ് ഗബ്രിയേൽ മാലാഖയുടെ അറിയിപ്പിന്റെ തീവ്രത പൂർണ്ണമായും ഞാൻ മനസ്സിലാക്കിയത്. ആട്ടിടയന്മാരും കിഴക്കുനിന്ന് വന്ന വിദ്വാന്മാരും കുഞ്ഞിനെ രാജാധിരാജനെന്ന് പ്രകീർത്തിച്ചു. ഉണ്ണി, ചക്രവർത്തിയെപ്പോലെ വിരാജിച്ചു.

കന്യക ഗർഭിണിയായി ഒരു മകനെപ്രസവിക്കും എന്ന പ്രവചനം വിശ്വസിയ്ക്കാത്ത വന്ദ്യവയോധികനായ ശിമയോന് ഈ അത്ഭുതശിശുവിനെ നേരിൽ കണ്ടശേഷമേ മരണം വരിയ്ക്കാനാകുകയുള്ളൂ എന്ന അറിയിപ്പ് ലഭിച്ചു. ന്യായപ്രമാണമനുസരിച്ച് കുഞ്ഞിനെദൈവാലയത്തിൽ സമർപ്പിക്കുവാൻ കൊണ്ടുവന്നത് കണ്ടപ്പോൾ വർഷങ്ങളായുള്ള കാത്തിരിപ്പ് അവസാനിച്ചു. വചനം നിവർത്തിയായെന്ന് പറഞ്ഞ് ജ്ഞാനിയായ വൃദ്ധൻ പ്രാണനെവിട്ടു. ഈ സംഭവം മറിയത്തിന്റെ നിഷ്കളങ്കത എനിയ്ക്ക് മുഴുവനായും ഉറപ്പിച്ചുതന്നു.

ഒരു ഉത്തമ പിതാവിൽ നിന്നു ലഭിക്കേണ്ടുന്ന സംരക്ഷണം മാത്രമാണ് ഞാനവൾക്കു നൽകിയത്. ലോകരക്ഷകന്റെ അമ്മയെ കാത്തുപരിപാലിക്കണം എന്ന ദൈവനിശ്ചയം എന്നിലൂടെ നിവർത്തിക്കുവാൻ മറിയത്തെ എനിക്കു നൽകിയതിന് സർവ്വേശ്വരനോട് ഞാൻ നന്ദി പറയുന്നു.


ലോകമെമ്പാടും 'തിരുകുടുംബം' മാതൃകാ കുടുംബമായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

**മാതാവിനോടുള്ള അപേക്ഷ...**

പരിശുദ്ധ അമ്മേ! നിന്റെ മധ്യസ്ഥ പ്രാർത്ഥനങ്ങൾക്കുംഞ ങ്ങളുടെമ രിച്ചുപോയ സത്യവിശ്വാസികളായ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും കോട്ടയും അഭയസ്ഥാനവും ആയിരിയ്ക്കണമേ. ആമ്മീൻ

*(കടപ്പാട് : പെരുമ്പിള്ളി തിരുമേനി, ശ്രീ. പി. കെ. എബ്രാഹം)*

## 25 –ാം ചരമവാർഷികം
**23. 08. 2012**



## പി. പി. ചെറിയാൻ
**പാടിയിൽ വീട്, തിരുവാങ്കുളം**

## നിര്യാതരായി

05.07.2012 പുറ്റുമാനൂർ മുക്കടയിൽ, ഏലിയാമ്മ (80) കർത്താവിൽ നിദ്രപ്രാപിച്ചു.

22.07.2012 മാമ്മല ഇല്ലിക്കപ്പറമ്പിൽ, ഏലിയാമ്മ (75) കർത്താവിൽ നിദ്രപ്രാപിച്ചു.

## കത്തീഡ്രലിന്റെ ആദരാഞ്ജലികൾ

# നിന്റെ ഭവനം കാത്തുകൊൾക

രാജു മഴുവന്നപ്പറമ്പിൽ

സംഹാരകൻ നിനക്കെതിരെ കയറി വരുന്നു. കോട്ടകാത്തുകൊൾക വഴി സൂക്ഷിച്ചുനോക്കുക, അര മുറുക്കുക,ന ിന്നെതന്നെന ല്ലവണ്ണംശ ക്തീകരിക്കുക (നഹൂം 2:1), നീനെവേയിലെ ജനങ്ങൾ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെടുത്തി, ആ പട്ടണം നശിപ്പിക്കുന്നതിന് മുമ്പ് അതിനെഒരിക്കൽ കൂടി രക്ഷപ്പെടുത്തുവാൻ കഴിയുമോ എന്ന് അറിയുന്നതിന് ദൈവം യോനപ്രവാചകനെനിനെവേയിലേക്ക് അയച്ചു. ഇന്നത്തെ സമൂഹത്തിലെ തെറ്റുകാരെ ഭയപ്പെട്ട് നീതിമാന്മാർ ഓടി ഒളിക്കുന്നതുപോലെ.... പ്രവാചകൻ നിനവെയിലെ ജനത്തെ ഭയപ്പെട്ടു. തർശീശിലേക്ക് കപ്പൽ കയറിയ വിവരം നമുക്ക് എല്ലാം അറിവുള്ളതാണല്ലോ? എന്നാൽ ദൈവത്തോടും നടക്കപ്പെട്ടു. നിനെവേ നിവാസികൾ മാനസാന്തരപ്പെട്ടു അവർ രക്ഷപ്രാപിച്ചു. നമ്മെ രക്ഷിക്കുവാൻ ആർക്ക് കഴിയും....?

കാലം വീണ്ടും മുന്നോട്ട്.... അവർ വീണ്ടും പാപത്തിൽ ജീവിക്കുവാൻ തുടങ്ങി അപ്പോൾ ദൈവമായ യഹോവ അവരുടെ മദ്ധ്യേ നഹൂം പ്രവാചകനെ എഴുന്നേൽപ്പിച്ചു. ആ പ്രവാചകന്റെ വാക്കുകളാണ് മുൻകുറിച്ചത്. സംഹാരകൻ നിനക്കെതിരെ കയറി വരുന്നു.... യിസ്രായേൽ ജനത്തെ രക്ഷിക്കുന്നതിന് മോശ മുഖാന്തിരം മിസ്രായീമിന്റെ ഭവനത്തിൽ സംഹാരദൂതൻ കയറിവന്ന് കടിഞ്ഞൂൽ പുത്രന്മാരെ നിഗ്രഹിച്ചു എന്ന് നാം വായിച്ചിട്ടുണ്ടല്ലോ. ജനത്തിന്റെ ദുഷ്ടതമൂലം വീണ്ടും പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നു. നാമും കരുതിയിരിക്കുകന മ്മുടെക ട്ടിളപ്പടിയിൽക ുഞ്ഞാടിന്റെര ക്തം ചീന്തിയ കുരിശ് അടയാളം ഉണ്ടെന്ന് ഉറപ്പ് വരുത്തുക. മറ്റൊരുത്തന്റെയും രക്തം ചീന്തിയ യാതൊരു ചിഹ്നത്തിനും നമ്മെ രക്ഷിക്കുവാൻ കഴിയുകയില്ല.

അടുത്തതായി പ്രവാചകന്റെ വചനം.............. നിന്റെ ഭവനങ്ങളെ സൂക്ഷിച്ചുകൊൾക. ഭവനം പരിശുദ്ധമാകണമെങ്കിൽ,അ തിലെഅ ംഗങ്ങൾപ രിശുദ്ധമാകണം. നീ നിന്നെ തന്നെ ശോധനചെയ്ത് ദൈവവചനം അനുസരിക്കുമ്പോൾ അവൻ എന്റെ ആലയം ആകുന്നു യേശുക്രിസ്തു ഓർമ്മപ്പെടുത്തുന്നു. നാം നമ്മെ തന്നെ പരിശോധിക്കുന്നത് ഈ കാലഘട്ടത്തിൽ വളരെ ആവശ്യമാണ്. കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും രാഷ്ട്രത്തിനും വേണ്ടി എന്തെല്ലാം നല്ലകാര്യങ്ങൾ ചെയ്യുന്നു? അതോ രാവിലെ മുതൽ രാത്രിയുടെ അന്ത്യയാമം വരെ വെറുതെ ഓടുകയാണോ? നമ്മുടെ ഭവനത്തിന്റെ വാതിലിൽ **ക്രിസ്തു ഈ വീടിന്റെ നായകൻ** എന്ന ബോർഡ് മാത്രം എഴുതിവെച്ച് സാത്താന്റെ സന്തതിയായി ജീവിതം കഴിച്ചുകൂട്ടുന്നോ?

വീണ്ടും പ്രവാചകൻ പറയുന്നു.... നിന്റെ വഴി സൂക്ഷിച്ചു നോക്കുക, ഞാൻ തന്നെ വഴിയും സത്യവും, ജീവനും ആകുന്നു. ഞാൻ വഴി അല്ലാതെ ആരും പിതാവിനെകാണുകയില്ലെന്ന് സത്യമായിട്ടും, സത്യമായിട്ടും യേശുക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു. നാം ഇന്ന് ജീവിക്കുന്ന വഴി എതാണ്....? നാം സമ്പാദിക്കുന്ന വഴി ഏതാണ്...? നമ്മുടെ സഹോദരന്റെ വഴിയെ തടസ്സപ്പെടുത്തിയാണോ നാം ജീവിക്കുന്നത്...? സ്വന്ത മഹത്വത്തിന് വേണ്ടി ലക്ഷങ്ങൾ മുടക്കി സ്ഥാനമാനങ്ങൾ സമ്പാദിക്കുന്ന മനുഷ്യർ... തങ്ങളുടെ സംഘടനയും, സ്ഥാപനങ്ങളും മതി ഈ ഭൂലോകത്ത് എന്ന് ചിന്തിച്ച് ലക്ഷങ്ങൾ കോടതി വരാന്തയിൽ വാരിവിതറുന്ന ഈ ലോകത്ത് ഒരു നേരത്തെ ആഹാരത്തിന് വേണ്ടി സ്വന്തം കുഞ്ഞിനെവില പറഞ്ഞ് നിൽക്കുന്ന ഈ സമൂഹത്തിൽ... ഏത് ന്യായത്തിന്റെ പേരിലായാലും സ്വന്ത സഹോദരനെവെട്ടിനുറുക്കുന്ന പൊതുസേവകർ ഒരു നിമിഷം ചിന്തിക്കൂ.. അതിന് ശേഷം വീണ്ടും നമ്മുടെ വഴി സൂക്ഷിച്ചു നോക്കുക... നമ്മുടെ പൂർവ്വപിതാക്കന്മാർ കാണിച്ചു തന്ന വഴിയാണോ നാം സഞ്ചരിക്കുന്നത്? അതോ നമ്മുടെ ഇഷ്ട്രപ്രകാരമുള്ള വഴിയോ...? വി.മത്തായി ശ്ലീഹ ഓർമ്മപ്പെടുത്തുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴി വളരെ ഇടുങ്ങിയതും ഞെരുങ്ങിയതുമാണ്, എന്നാൽ നിത്യനരകത്തിലേക്കുള്ള വഴിയോ വളരെ വിശാലമാണ്... അവിടെ കോടികൾക്കും ലക്ഷങ്ങൾക്കും വിലയുണ്ട്.

നിനെവേയിലെ ജനമേ നിന്റെ അരമുറുക്കിക്കൊള്ളുക, നിന്റെ പടിവാതിൽക്കൽ സംഹാരദൂതൻ എത്തിയിരിക്കുന്നു.ന ിന്റെവ സ്ത്രംക ീറി,മ നസ്സ് തുറന്ന് അനുതപിക്കുക. നീ തിന്മ ചെയ്യുന്നുവോ, നിനക്ക് ശത്രുക്കൾ ഉണ്ടാകും, നീ നിന്റെ സഹോദരനോട് നിരന്ന് കൊള്ളുക, അല്ലാഞ്ഞാൽ ന്യായാധിപന്റെ മുമ്പാകെ നിൽക്കേണ്ടി വരും, സാത്താനോട് യുദ്ധം ചെയ്യുവാൻ... ആളുകളെ ബോധ്യപ്പെടുത്താനല്ല, പള്ളികമ്മിറ്റിയിൽ മൽസരിക്കാനുമല്ല, സത്യമായ അനുതാപത്തോടെസ ത്യകുമ്പസാരംന ടത്തിവ ി. കുർബ്ബാന അനുഭവിക്കുവാൻ നമുക്ക് കഴിയണം. നിന്നെതന്നെ ശക്തീകരിക്കുവാൻ നിനക്കല്ലാതെ ഈ ലോകത്തിൽ മറ്റാർക്കും കഴിയുകയില്ല. ദൈവത്തിന് സ്വയം സമർപ്പിക്കുക, അപ്പോൾ നിന്റെ ഭവനവും നിനക്കുള്ളതെല്ലാം ദൈവം കാത്തുകൊള്ളും!!

# വാർത്തകൾ

## ജന്മദിനം ആഘോഷിച്ചു.



പരി.സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ ജന്മദിനം സഭാ ആസ്ഥാനമായ പാത്രിയർക്കാ സെന്ററിൽ ആഘോഷിച്ചു. പാത്രിയർക്കാ കത്തീഡ്രലിൽ വി. കുർബ്ബാനക്കുശേഷം സെന്ററിലെ ഹാളിലായിരുന്നു ആഘോഷപരിപാടികൾ. അഭിവന്ദ്യ മെത്രാപ്പോലിത്തമാരും വൈദികരും സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.

## അഭിനന്ദനങ്ങൾ



സി.ബി.എസ്.ഇ. 10–ാം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ വൺ കരസ്ഥമാ ക്കിയ നീരജ് റേച്ചൽ ഹണി ക്ക് മാർ കൗമ കുടുംബ യൂണിറ്റിന്റെ അഭിനന്ദനങ്ങ ൾ. കുരീക്കാട് അയ്ക്കരവേലിൽ ഹണി ജോണിന്റേയും, മിനി ഹണിയുടേയും മകളാണ് നീരജ്.

---



അഡ്വക്കേറ്റായി എൻറോൾ ചെയ്ത മാമ്മല-കക്കാട് ദേശത്ത് വീപ്പനാത്ത് ബിജു വി. ജോണിന് കരിങ്ങാച്ചിറ കത്തീഡ്രലിന്റെ അഭിനന്ദനങ്ങൾ

---



നമ്മുടെ കത്തീഡ്രൽ ഇടവകാംഗമായ മുക്കടയ്ക്കൽ ശ്രീ. എം. ഐ. ആൻഡ്രൂസിന്റെ സ്ഥാപനമായ എലൈഡ് ഏജൻസീസിന് രാഷ്ട്രീയ ഉദ്യോഗരത്ന 2012 അവാർഡ് ലഭിച്ചു. നാഷണൽ എജ്യൂക്കേഷൻ ഹ്യൂമൺ റിസ്സോർസ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ മുംബൈ ആണ് ഈ അവാർഡ് സമ്മാനിച്ചത്.

## സ്വീകരണം നൽകി

ജൂലൈ 18–ാം തീയതി ക്യംതാ സെമിനാരിയിൽ നിന്ന് വന്ദ്യ. ഗീവർഗ്ഗീസ് റമ്പാച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന നടമേൽ പള്ളിയിലേക്ക് പുറപ്പെട്ട തീർത്ഥയാത്രക്ക് നമ്മുടെ കത്തീഡ്രലിൽ സ്വീകരണം നല്കി.

## ശുചീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു.

വൃത്തിഹീനമായ പരിസരങ്ങളും മാലിന്യം നിറഞ്ഞ ചുറ്റുപാടുകളും മൂലം പകർച്ചവ്യാധികൾ നേരിടുന്ന സാഹചര്യത്തിൽ കരിങ്ങാച്ചിറ കത്തീഡ്രലിന്റെ കീഴിലുള്ള സ്കൂളുകൾ കേന്ദ്രീകരിച്ചും ശുചീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു. ഒപ്പം കത്തീഡ്രലിന്റെ പരിസരവും വൃത്തിയായി സൂക്ഷി ക്കുന്നതിന് പ്രത്യേക നടപടികൾ ആരംഭിച്ചുവെന്ന് ട്രസ്റ്റിമാരായ എൻ. വി. പൗലോസ്, ജോജി പീറ്റർ എന്നിവർ അറിയിച്ചു.

# ശ്രാദ്ധപ്പെരുന്നാൾ ആഘോഷിച്ചു

നമ്മുടെ മുൻ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെയും വന്ദ്യ ഗീവർഗീസ് റമ്പാച്ചന്റേയും ശ്രാദ്ധദിനം ജൂലൈ 29-ാം തീയതി സംയുക്തമായി ക്യംതാ സെമിനാരിയിൽ ആഘോഷിച്ചു. അന്നേദിവസം അഭി. ഐസക് മോർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ട് വി.കുർബ്ബാനഅർപ്പിച്ചു. ബഹു. മന്ത്രി അഡ്വ. അനൂപ് ജേക്കബ്ബ് സന്നിഹിതനായിരുന്ന യോഗത്തിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച കുട്ടികൾക്ക് പാരിതോഷികം നൽകുകയുണ്ടായി. ഒപ്പം ആതുര സേവനത്തിന്റെ ഭാഗമായി നിർദ്ധനർക്ക് വസ്ത്രവിതരണവും അരിവിതരണവും നടത്തപ്പെട്ടു. തുടർന്ന് നേർച്ചസദ്യ നടത്തപ്പെട്ടു.






# യൂണിഫോം വിതരണം ചെയ്തു.





കരിങ്ങാച്ചിറ കമ്പോളമെൻസ് അസ്സോസ്സിയേഷൻ കരിങ്ങാച്ചിറ എം.ഡി.എം.എൽ.പി.എസ്. ൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തു. അസ്സോസ്സിയേഷൻ പ്രവർത്തകരായ ശ്രീ. എം.വി.വർഗ്ഗീസ്, സി.പി. പീറ്റർ, അനിൽ പീറ്റർ എന്നിവർ സന്നിഹിതരായിരുന്നു. ചടങ്ങിൽ സ്കൂൾ മാനേജർ ജോജി പീറ്റർ അദ്ധ്യക്ഷത വഹിച്ചു.

# ഇടവക കലണ്ടർ (സെപ്റ്റംബർ 2012)

(കുടുംബ യൂണിറ്റ്)

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 30 | | | | | | 1<br>• ധ്യാനയോഗം<br>• 10 മുതൽ 10:30 |
| 2<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | 3<br>• സെന്റ് മേരീസ് | 4<br>• മാർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | 5 | 6<br>• ബൈബിൾ ക്ലാസ്സ് | 7 | 8<br>ധ്യാനയോഗം<br>10 മുതൽ 10.30<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| 9<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | 10 | 11<br>• ഇസ്രായേൽ | 12<br>• മാർബർസൗമ്മാ | 13<br>• ബൈബിൾ ക്ലാസ്സ് | 14 | 15<br>• ധ്യാനയോഗം<br>10 മുതൽ 10.30<br>ബഥാനിയ<br>• മാർ സ്തേഫാനോസ് |
| 16<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | 17<br>• സെന്റ് അപ്രേം | 18<br>• സെന്റ് ഇഗ്നാത്തിയോസ് | 19<br>• സെന്റ് ജോൺസ് | 20<br>• ബൈബിൾ ക്ലാസ് | 21 | 22<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• ബെത്സെദ |
| 23<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | 24<br>• മോർ<br>പോളിക്കാർപ്പസ് | 25<br>• മാർ<br>ഗ്രിഗോറിയോസ് | 26<br>• സെന്റ് പീറ്റേഴ്സ് | 27<br>• ബൈബിൾ ക്ലാസ് | 28 | 29 |



## 2-ാം ചരമവാർഷികം

(19.08.2012)



## റോയി വർഗീസ്

**ആയപ്പിള്ളിൽ, മറ്റക്കുഴി**
**വരിക്കോലി**

സന്തപ്തകുടുംബാംഗങ്ങൾ

# വിജ്ഞാനകൗതുകം

**ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ**

1. സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു ഈ പ്രസ്താവനഏത് ഗ്രന്ഥത്തിലാണ് നാം കാണുന്നത്.
   എ. സങ്കീർത്തനങ്ങൾ　ബി. സദൃശ്യവാക്യങ്ങൾ　സി. സഭാപ്രസംഗി.
2. ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും, പുണ്യവാനും, ശ്ലീഹായും, സഹദായുമെന്ന് വിശേഷിപ്പിക്കപ്പെടുന്ന പിതാവ് ആര്.
   എ. മോർ ഇഗ്നാത്തിയോസ്　ബി. മോർ ബസ്സേലിയോസ്　സി. മോർ യാക്കോബ്
3. സിംഹങ്ങൾ എനിക്ക് കേടുവരുത്താതിരിക്കേണ്ടതിന് എന്റെ ദൈവം തന്റെ ദൂതനെഅയച്ച് അവയുടെ വായ് അടച്ചുകളഞ്ഞു. ഇപ്രകാരം മരണത്തിൽനിന്നു രക്ഷപ്പെട്ട ആൾ ആര്.
   എ. യൗസേപ്പ്　ബി. ദാവീദ്　സി. ദാനിയേൽ
4. ബേത്‌ലഹേം - ഈ വാക്കിന്റെ അർത്ഥമെന്ത്.
   എ. കർത്താവിന്റെ ഭവനം　ബി. അപ്പത്തിന്റെ ഭവനം　സി. യഹോവായുടെ ആലയം.
5. ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനായി കർത്താവ് ഉപയോഗിച്ച ഉപമ ഏത്.
   എ. വിതക്കാരന്റെ ഉപമ,　ബി. നല്ല ശമര്യാക്കാരന്റെ ഉപമ,　സി. താലന്തിന്റെ ഉപമ.
6. സ്വർണ്ണം കൊണ്ട് ഒരു വിഗ്രഹമുണ്ടാക്കി ബാബേൽ സംസ്ഥാനത്ത് സ്ഥാപിച്ചത് ഏത് രാജാവ്.
   എ. നെബൂഖദ്നേസർ　ബി. ബേൽശസ്സർ　സി. അർത്തഹ്ശഷ്ടാവ്
7. "മെലിഞ്ഞും വിരൂപവുമായ പശുക്കൾ രൂപഗുണവും മാംസപുഷ്ടിയുമുള്ള ഏഴ് പശുക്കളെ വിഴുങ്ങിക്കളഞ്ഞു". ഇത് ആര് കണ്ട സ്വപ്നമായിരുന്നു.
   എ. ദാനിയേൽ　ബി.യൗസേഫ്　സി. ഫറവോ
8. സ്വർണ്ണവെള്ളിയാഴ്ച എന്നറിയപ്പെടുന്നത് ഏത് ദിവസമാണ്.
   എ. കർത്താവിന്റെ ഉയിർപ്പിനുശേഷം ആദ്യ വെള്ളിയാഴ്ച　ബി. പെന്തിക്കോസ്തിക്കുശേഷം ആദ്യവെള്ളിയാഴ്ച,　സി.സ്വർഗ്ഗാരോഹണത്തിനുശേഷം ആദ്യ വെള്ളിയാഴ്ച
9. താഴെപ്പറയുന്നതിൽ ഇതര കാനോനിക ഗ്രന്ഥങ്ങളിൽ ഉൾപ്പെടുന്ന ഗ്രനഥം ഏത്.
   എ. ഉത്തമഗീതം　ബി. മക്കാബ്യർ　സി. ഹസ്കിയേൻ

**ജൂലൈ മാസത്തെ ശരിയുത്തരങ്ങൾ: 1 (ബി) 2 (എ) 3 (സി) 4 (ബി) 5 (ബി) 6 (എ) 7 (സി) 8 (എ) 9 (സി)**
**ശരി ഉത്തരം തന്നവരുടെ പേരുകൾ യൂത്ത് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

*ഇവിടെ മുറിക്കുക*

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1. | A ☐ B ☐ C ☐ | | | 2. | A ☐ B ☐ C ☐ | | | 3. | A ☐ B ☐ C ☐ | | |
| 4. | A ☐ B ☐ C ☐ | | | 5. | A ☐ B ☐ C ☐ | | | 6. | A ☐ B ☐ C ☐ | | |
| 7. | A ☐ B ☐ C ☐ | | | 8. | A ☐ B ☐ C ☐ | | | 9. | A ☐ B ☐ C ☐ | | |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 30.08.2012

പേര് ..............................
വിലാസം ..............................
..............................
..............................
ഫോൺ ..............................
കുടുംബയൂണീറ്റ് ..............................

# C. COMMUNICATION

**Opp. KARINGACHIRA CATHEDRAL**
**diyuct@gmail.com**

**9895571954**

**Online passport application**
**Photocopy, Print**
**Scan, DTP (Eng & Mal)**
**Mobile Recharge**


Chief Editor: Varghese Raju Mob: 8547903252, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356